പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2005

15.07.2016-ൽ മറുപടിക്ക്.

## ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.ടി. തോമസ് | | ശ്രീ. റ്റി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ, ആരോഗ്യ പരിശോധന, താമസ സൗകര്യം, താമസ ചുറ്റുപാടുകൾ ഇവ പരിശോധിക്കാൻ എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;<br><br>(ബി) നിലവിൽ ആരാണ് ഇത്തരം പരിശോധനകൾ നടത്തുന്നതെന്ന് അറിയിക്കാമോ; | (എ) & (ബി) | കേരളത്തിലെ ഇതരസംസ്ഥാന തൊഴിലാളികൾക്കായി ഒരു ക്ഷേമപദ്ധതി കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വെൽഫെയർ ബോർഡിന്റെ കീഴിൽ 2010 മുതൽ "കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി" എന്ന പേരിൽ നടപ്പാക്കി വരുന്നു. ടി പദ്ധതി പ്രകാരം 53,136 തൊഴിലാളികൾ പദ്ധതിയിൽ അംഗമായിട്ടുണ്ട്. ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് - അപകട മരണ ധനസഹായം, അത്യാഹിതങ്ങൾക്ക് സഹായം, മാരക രോഗങ്ങൾക്ക് ധനസഹായം, ഇതരസംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം, മൃതശരീരം നാട്ടിൽ എത്തിക്കുന്നതിനുള്ള ധനസഹായം, ചികിത്സാ ധനസഹായം, പ്രസവ ധനസഹായം എന്നിവയ്ക്കും അർഹതയുണ്ട്. 1979-ലെ കുടിയേറ്റ തൊഴിലാളി നിയമം, 1970-ലെ കരാർ തൊഴിലാളി നിയമം, 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ആക്റ്റ് എന്നീ നിയമങ്ങൾ പ്രകാരം നടത്തുന്ന പരിശോധനയിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ച് ടി തൊഴിലാളികളുടെ ആരോഗ്യം, തൊഴിൽ സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പ് വരുത്തുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തുന്നതിലേയ്ക്കായി വിവിധ വകുപ്പുകളെ |

ഏകോപിപ്പിച്ചുകൊണ്ട് 17.12.2015-ലെ ജി.ഒ. (ആർ.ടി) 1717/2015/തൊഴിൽ ഉത്തരവ് പ്രകാരം ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ജില്ലാ ലേബർ ഓഫീസർ (ഇ) കൺവീനറും, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യ വകുപ്പ്), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്) എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തി കൊണ്ടുള്ള ടാസ്ക്ഫോഴ്സിന്റെ പ്രവർത്തനം നടന്നു വരുന്നു. അവരുടെ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നതിനായി മെഡിക്കൽ ക്യാമ്പുകളും നടത്തുന്നുണ്ട്. തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരെ കൂടാതെ ടാസ്ക്ഫോഴ്സ് അംഗങ്ങളായ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (പഞ്ചായത്ത്) എന്നിവരേയും പരിശോധന നടത്തുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| (സി) തൃക്കാക്കര നിയോജക മണ്ഡലത്തിൽ മെട്രോ, ഇൻഫോപാർക്ക് മേഖലകളിലും മറ്റ് മേഖലകളിലും പണിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ മേൽപറഞ്ഞ സൗകര്യങ്ങൾ പരിശോധിക്കാൻ പ്രത്യേക നടപടി സ്വീകരിക്കാമോ? | (സി) ബന്ധപ്പെട്ട മേഖലയിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ എറണാകുളം ജില്ലാ ലേബർ ഓഫീസർ (ഇ)-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ